
# സംസാരഭാഷാ പരിശീലനം

## ഭാഷ മനസ്സിലാക്കാൻ കുട്ടികളെ നമുക്ക് എങ്ങനെ സഹായിക്കാം?
How Can We Help Children To Improve Their Receptive Language?

സംസാര ഭാഷ, ആശയവിനിമയശേഷി തുടങ്ങിയവ ഒരു കുട്ടിയുടെ വ്യക്തിത്വവികാസത്തിനും സാമൂഹികപരമായ വളർച്ചയ്ക്കും സുപ്രധാനമായ പങ്ക് വഹിക്കുന്നു. മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുക, ചുറ്റുപാടുമുള്ള കാര്യങ്ങൾ തിരിച്ചറിയുക, തങ്ങളുടെ ആവശ്യങ്ങൾ പ്രകടിപ്പിക്കുക, ചിന്തകളും വിശേഷങ്ങളും മറ്റുള്ളവരുമായി പങ്ക് വയ്ക്കുക, സ്ഫുടതയോടു കൂടി സംസാരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംസാരഭാഷ – ആശയവിനിമയശേഷി തുടങ്ങിയവയുടെ പരിശീലനം അത്യന്താപേക്ഷിതമാണ്.

## സംസാരഭാഷാ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ

**ഘട്ടം 1:** പരിസ്ഥിതി ശ്രദ്ധിക്കുക. ചുറ്റുപാടുകളെ പരിചയപ്പെടുത്തുക
**ഘട്ടം 2:** കണ്ണുകളിൽ നോക്കിയുള്ള ആശയ വിനിമയം, സമ്പർക്കം നിലനിർത്തുക
**ഘട്ടം 3:** അവരോടൊപ്പം വിനോദത്തിൽ ഏർപ്പെടുക. അവരോടൊപ്പം സംഗീതം അസ്വദിക്കുക
**ഘട്ടം 4:** സ്വന്തം പേര് പരിചയപ്പെടുത്തുക. സ്വന്തം പേര് അവതരിപ്പിക്കുക
**ഘട്ടം 5:** ചുറ്റുപാടുകളെക്കുറിച്ച് വിശദീകരിക്കുക
**ഘട്ടം 6:** സംസാരത്തിൽ ആംഗ്യം ഉൾപ്പെടുത്തുക
**ഘട്ടം 7:** മുഖഭാവങ്ങൾ തിരിച്ചറിയുക/മുഖഭാവങ്ങളിലെ വ്യത്യാസങ്ങൾ തിരിച്ചറിയുക/വിവിധ മുഖഭാവങ്ങൾ തിരിച്ചറിയാൻ പ്രാപ്തരാക്കുക
**ഘട്ടം 8:** സാധാരണ വാക്കുകൾ പരിചയപ്പെടുത്തുക
**ഘട്ടം 9:** ചിത്രങ്ങൾ തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കുക
**ഘട്ടം 10:** കണ്ടോ/കേട്ടോ/സ്പർശിച്ചോ മനസ്സിലാക്കി കൊടുക്കുക
**ഘട്ടം 11:** ചിത്രങ്ങൾ തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കുക
**ഘട്ടം 12:** കുടുംബാംഗങ്ങളുടെ പേരുകൾ പരിചയപ്പെടുത്തുക
**ഘട്ടം 13:** സാധാരണ പ്രവർത്തികൾ ചെയ്യാൻ പ്രാപ്തരാക്കുക
**ഘട്ടം 14:** പ്രവർത്തികൾക്ക് അനുയോജ്യമായ ശബ്ദം ഉണ്ടാക്കാൻ പ്രാപ്തരാക്കുക
**ഘട്ടം 15:** അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. കുട്ടികളുടെ ഇഷ്ടത്തെ പിൻതുടരുക
**ഘട്ടം 16:** ചെയ്യുന്ന പ്രവൃത്തി വിശദീകരിക്കാൻ പ്രോത്സാപ്പിക്കുക
**ഘട്ടം 17:** രക്ഷിതാക്കളുടെ പ്രവൃത്തി കുട്ടിയോട് വിശദീകരിച്ച് മനസ്സിലാക്കുക
**ഘട്ടം 18:** സാമൂഹിക സന്ദർഭങ്ങൾ ഉൾപ്പെടുത്തി പ്രോത്സാഹിപ്പിക്കുക
**ഘട്ടം 19:** ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് പരിചയപ്പെടുത്തുക വസ്തുക്കൾ കൊണ്ടുള്ള ഉപയോഗം പഠിപ്പിക്കുക



## ഘട്ടം 1: പരിസ്ഥിതി ശ്രദ്ധിക്കുക. ചുറ്റുപാടുകളെ പരിചയപ്പെടുത്തുക



- പലതരം ശബ്ദങ്ങൾ ശ്രദ്ധിക്കാൻ കുട്ടിയെ പരിശീലിപ്പിക്കാം
- ഇതിൽ മൃഗങ്ങളുടെ ശബ്ദം, ചുറ്റും കേൾക്കുന്ന ശബ്ദങ്ങൾ, പാട്ട്, സംസാരം, വാഹനം എന്നിവയെല്ലാം ഉൾപ്പെട്ടാൽ നല്ലത്.



## ഘട്ടം 2: കണ്ണുകൾ നോക്കിയുള്ള ആശയവിനിമയം, സമ്പർക്കം നില നിർത്തുക



- കുട്ടികളോട് എപ്പോൾ സംസാരിച്ചാലും അവരുടെ കണ്ണുകളിൽത്തന്നെ നോക്കി സംസാരിക്കുക
- തിരിച്ച് അവരും കണ്ണിൽ നോക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- കളിച്ചും ചിരിച്ചും കുസൃതികൾ കാണിച്ചും വികൃതികൂടിയും ഒക്കെയാണ് ഓരോ കുട്ടിയും വളരുന്നത്. ഇവയിലൂടെയൊക്കെ തന്നെ അവർ ഭാഷയും സംസാരവും പഠിക്കുന്നു.
- ചെറിയ പ്രായത്തിൽ തന്നെ കാര്യങ്ങൾ പറഞ്ഞും, വായിച്ചുകേട്ടും വളരുന്ന കുട്ടികൾക്ക് ഭാഷയുടെ വളർച്ച വളരെ വേഗം തന്നെ ഉണ്ടാകുമെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.
- ഇവിടെയാണ് മുതിർന്നവർക്ക് അവരെ സഹായിക്കാൻ കഴിയുന്നത്.
- കുട്ടിക്ക് ഇഷ്ടമുള്ള കളിപ്പാട്ടങ്ങളും മറ്റുവസ്തുക്കളും നമ്മുടെ മുഖത്തിന്റെ അടുത്ത് വച്ചാൽ കണ്ണിൽ നോക്കാനുള്ള താല്പര്യം അവർക്ക് കൂടും.

## ഘട്ടം 3: അവരോടൊപ്പം വിനോദത്തിൽ ഏർപ്പെടുക. അവരോടൊപ്പം സംഗീതം അസ്വദിക്കുക




- പാട്ട് കേൾക്കാനും അതിനോടൊപ്പം പാടാനും ഡാൻസ് ചെയ്യാനും കുട്ടികളോടൊപ്പം കൂടാം.
- പാട്ടുകൾ ശ്രദ്ധിക്കുന്നതും ആസ്വദിക്കുന്നതും ഭാഷാവികസനത്തിന്റെ പ്രധാന ഘട്ടങ്ങളിൽ ഒന്നാണ്.
- കുട്ടികൾക്ക് ഇഷ്ടമുള്ള കളികളിൽ അവരോടൊപ്പം ചേരുക.



## ഘട്ടം 4: സ്വന്തം പേര് പരിചയപ്പെടുത്തുക. സ്വന്തം പേര് അവതരിപ്പിക്കുക




- കുട്ടികൾക്ക് സ്വന്തം പേര് പറഞ്ഞുകൊടുക്കുക.
- അത്തരത്തിൽ സ്വന്തം പേര് മനസ്സിലാക്കാനും പേര് വിളിക്കുമ്പോൾ പ്രതികരിക്കാനും കുട്ടിയെ പരിശീലിപ്പിക്കുക.
  ഉദാ: അപ്പു എവിടെ ? ഇതാ അപ്പു.
  പാട്ടുകളിലൂടെയും മറ്റും ഇത് കുഞ്ഞുങ്ങളെ ശീലിപ്പിക്കാം. അതിനോടൊപ്പം മറ്റ് കുട്ടികൾ എങ്ങനെ പ്രതികരിക്കുന്നു എന്ന് കാണിച്ചു കൊടുക്കാം. പേര് വിളിച്ചതിനുശേഷം ആ ദിക്കിലേക്ക് അല്ലെങ്കിൽ ആ വ്യക്തിയെ നോക്കാൻ പ്രോത്സാഹിപ്പിക്കുക.

## ഘട്ടം 5: ചുറ്റുപാടുകളെക്കുറിച്ച് വിശദീകരിക്കുക




- ചുറ്റും കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളെപ്പറ്റി വിവരിച്ചു കൊടുത്താൽ അവ വീണ്ടും ശ്രദ്ധിക്കാനും മനസ്സിലാക്കാനും കുട്ടികൾ ശ്രമിക്കും.
  ഉദാ: മോൻ/മോൾ ആ ശബ്ദം കേട്ടോ? എന്താ അത്? കാക്ക കരഞ്ഞതാ. കേട്ടോ കാക്ക കരയുന്നതു കണ്ടോ? നോക്കിക്കേ.
- ഇതുപോലെ പട്ടിയുടെ ശബ്ദം: ബൗ ബൗ, പൂച്ചയുടെ ശബ്ദം: മ്യാവൂ, എന്നിങ്ങനെ പറഞ്ഞു കൊടുക്കാം.

## ഘട്ടം 6: സംസാരത്തിൽ ആംഗ്യം ഉൾപ്പെടുത്തുക

- സംസാരത്തിനോടുള്ള ശ്രദ്ധ കൂട്ടുന്നതിനായി തുടക്കത്തിൽ നമുക്ക് ആംഗ്യം കൂടി കാണിക്കാവുന്നതാണ്.
  ഉദാ: റ്റാറ്റാ, ഇവിടെ വാ, മുകളിൽ എന്നിവ ആംഗ്യത്തോടൊപ്പംപറയാം.
- സംസാരം മനസ്സിലാക്കി തുടങ്ങുന്നതിനനുസരിച്ച് ആംഗ്യം കാണിക്കുന്നത് സാവധാനം കുറയ്ക്കാം.




## ഘട്ടം 7: മുഖഭാവങ്ങൾ തിരിച്ചറിയുക/മുഖഭാവങ്ങളിലെ വ്യത്യാസങ്ങൾ തിരിച്ചറിയുക/വിവിധ മുഖഭാവങ്ങൾ തിരിച്ചറിയാൻ പ്രാപ്തരാക്കുക



- സംസാരം മനസ്സിലാക്കുന്നതിനോടൊപ്പം തന്നെ നമ്മുടെ മുഖത്തെ വ്യത്യസ്ത ഭാവ വ്യത്യാസങ്ങളുടെ അർത്ഥം മനസ്സിലാക്കി അതിനോട് പ്രതികരിക്കുന്നുണ്ടോ എന്നത് ഉറപ്പു വരുത്തുക.
  ഉദാ: ദേഷ്യം, സങ്കടം, സന്തോഷം, തുടങ്ങിയവ

- നമ്മുടെ മുഖഭാവം ഇതാണ് എന്ന് കുഞ്ഞിനോട് പറയുക. വിവിധ ചിത്രങ്ങൾ കാണിക്കാം. അതിനോടൊപ്പം കഥാപുസ്തകത്തിലെ ചിത്രങ്ങൾ ചൂണ്ടികാട്ടി ആ മുഖഭാവങ്ങൾ പരിചയപ്പെടുത്താം.




## ഘട്ടം 8: സാധാരണ വാക്കുകൾ പരിചയപ്പെടുത്തുക

- ശരീരഭാഗങ്ങൾ പറഞ്ഞുപഠിപ്പിക്കാം.
- ചുറ്റും കാണുന്ന എല്ലാ വസ്തുക്കളുടേയും പേര് പറഞ്ഞുകൊടുക്കാം.
  ഉദാ: ഫാൻ, ലൈറ്റ്, ബോൾ, മേശ, ഷൂസ് തുടങ്ങിയവ പരിചയപ്പെടുത്താം. ഭക്ഷണം കഴിക്കുമ്പോൾ പാത്രം, സ്പൂൺ, ഗ്ലാസ്സ്, കഴിക്കുന്ന ആഹാരത്തിന്റെ പേര് എന്നിവ പറഞ്ഞു കൊടുക്കാം.
- വാക്കുകൾ പഠിപ്പിക്കുക

## ഘട്ടം 9: ചിത്രങ്ങൾ തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കുക



- ബുക്കുകളിലെ ചിത്രങ്ങൾ കാണിച്ച് പേര് പറഞ്ഞുകൊടുക്കാം.
- ശേഷം ഒരു ചിത്രം തൊട്ടുകാണിച്ച് കുട്ടിയോട് അതെന്താണെന്നു ചോദിക്കാം, അല്ലെങ്കിൽ നമ്മൾ പറയുന്നത് തൊട്ടു കാണിക്കാൻ പറയാം.

## ഘട്ടം 10: കണ്ടോ/കേട്ടോ/സ്പർശിച്ചോ മനസ്സിലാക്കി കൊടുക്കുക

- പുതിയതായി നമ്മൾ പഠിപ്പിക്കുന്ന ഓരോ വസ്തുക്കളെയും കുട്ടികൾക്ക് കാണാനും തൊടാനും കഴിഞ്ഞാൽ അവർക്കത് പഠിക്കാൻ എളുപ്പമായിരിക്കും.
- പരീക്ഷണം ചെയ്യാൻ അവരെ അനുവദിക്കുക.




## ഘട്ടം 11: ചിത്രങ്ങൾ തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കുക

- കണ്ടോ, കേട്ടോ, സ്പർശിച്ചോ മനസ്സിലാക്കി കൊടുക്കുക. എല്ലാം പര്യവേക്ഷണം ചെയ്യാൻ അവരെ അനുവദിക്കുക.(പരീക്ഷണം)
- പ്രവർത്തനങ്ങൾക്ക് കുട്ടിയെ അനുവദിക്കുക
- പുതുതായി നമ്മൾ പഠിപ്പിക്കുന്ന ഓരോ വസ്തുക്കളേയും കുട്ടികൾക്ക് കാണാനും തൊടാനും കഴിഞ്ഞാൽ പഠിക്കാൻ എളുപ്പമായിരിക്കും.

## ഘട്ടം 12: കുടുംബാംഗങ്ങളുടെ പേരുകൾ പരിചയപ്പെടുത്തുക



- കുടുംബത്തിലെ മറ്റുള്ളവരുടെ പേര് പരിചയപ്പെടുത്തി കൊടുക്കുക.
ഉദാ: അമ്മ, അച്ഛൻ, അപ്പൂപ്പൻ, അമ്മൂമ്മ തുടങ്ങിയവരേയും, അവരുടെ പേരും പരിചയപ്പെടുത്താം.




## ഘട്ടം 13: സാധാരണ പ്രവർത്തികൾ ചെയ്യാൻ പ്രാപ്തരാക്കുക

- ഓരോ പ്രവർത്തികളും അവരെ കൊണ്ട് ചെയ്യിക്കുക.
  ഉദാ: കതക് അടയ്ക്കുക
  ഉടുപ്പിടുക
  സാധനങ്ങൾ കൊടുക്കുക
  സാധനങ്ങൾ എടുക്കുക
  സാധനങ്ങൾ കണ്ടുപിടിക്കുക



## ഘട്ടം 14 : പ്രവർത്തികൾക്ക് അനുയോജ്യമായ ശബ്ദം ഉണ്ടാക്കാൻ പ്രാപ്തരാക്കുക

- കളിക്കുമ്പോൾ കളിപ്പാട്ടങ്ങൾക്കു യോജിക്കുന്ന ശബ്ദങ്ങൾ ഉണ്ടാക്കാൻ പ്രോത്സാഹിപ്പിക്കാം.
  ഉദാ: കാർ ഓടിക്കുമ്പോൾ പീ..... പീ
  പാവയെ ഉറക്കുമ്പോൾ വാവാവോ.......



## ഘട്ടം 15: അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. കുട്ടികളുടെ ഇഷ്ടത്തെ പിൻതുടരുക

- കുട്ടികളുടെ ഇഷ്ടത്തെ പിൻതുടർന്ന് സംസാരിച്ചാൽ അവർ നമ്മൾ പറയുന്നതിൽ കൂടുതൽ ശ്രദ്ധനൽകും
  ഉദാ: കാർവെച്ച് കളിക്കുകയാണെങ്കിൽ മോൻ കാർ ഓടിക്കുകയാണോ? ഏതു നിറമാ കാറിന്? വെള്ള നിറമാണോ? എന്നിങ്ങനെ വിവരിച്ചു കൊടുക്കാം.



## ഘട്ടം 16: ചെയ്യുന്ന പ്രവൃത്തി വിശദീകരിക്കാൻ പ്രോത്സാപ്പിക്കുക.

- കുട്ടി ഒരു കളിപ്പാട്ടംവെച്ച് കളിക്കുമ്പോൾ അവൾ / അവൻ എന്താണ് കളിക്കുന്നതെന്ന് നമുക്ക് പറഞ്ഞുകൊടുക്കാം.
  ഉദാ: കാർ വച്ച് കളിക്കുകയാണെങ്കിൽ മോൻ കാർ ഓടിക്കുകയാണോ? ഏതു നിറമാ കാറിന്? വെള്ള നിറമാണോ? എന്നിങ്ങനെ വിവരിച്ചു കൊടുക്കാം. തിരിച്ച് കുട്ടിയെ കൊണ്ട് പറയിപ്പിക്കാം. ചെയ്യുന്ന പ്രവൃത്തി വിശദീകരിച്ച് നൽകുക.

## ഘട്ടം 17: രക്ഷിതാക്കളുടെ പ്രവൃത്തി കുട്ടിയോട് വിശദീകരിച്ച് മനസ്സിലാക്കിക്കുക



- കുട്ടി നമ്മളോടൊപ്പം നിൽക്കുമ്പോൾ, നമ്മൾ എന്താണ് ചെയ്യുന്നതെന്ന് അവർക്ക് വിവരിച്ചു കൊടുക്കുക.
  ഉദാ: അടുക്കളയിലാണെങ്കിൽ അമ്മ കാരറ്റ് മുറിക്കാൻ പോകുവാണ്. കണ്ടോ. കത്തി എടുത്ത് കാരറ്റ് മുറിച്ചു എന്നിങ്ങനെ പറഞ്ഞു കൊടുക്കാം. നമ്മൾ ചെയ്യുന്ന പ്രവർത്തി വിശദീകരിക്കുക

## ഘട്ടം 18: സാമൂഹിക സന്ദർഭങ്ങൾ ഉൾപ്പെടുത്തി പ്രോത്സാഹിപ്പിക്കുക

- എല്ലാ കാര്യങ്ങളും കുട്ടിയെ കൊണ്ട് ചെയ്യിക്കാം.
- എല്ലാ സ്ഥലങ്ങളിലും അവരെ കൊണ്ടു പോകാം.
- ഓരോ സ്ഥലത്തും എന്തൊക്കെയുണ്ട് എന്തൊക്കെ ചെയ്യണം എന്നൊക്കെ കണ്ടും ചെയ്തും മാത്രമേ അവർക്കു പഠിക്കാൻ സാധിക്കുകയുള്ളൂ.
  ഉദാ: മൃഗശാല, പാർക്ക്, ബാങ്ക്, ഷോപ്പിംഗ്, ATM ഉപയോഗിക്കുക, കടയിൽ സാധനങ്ങൾ വാങ്ങുക, ബസ്സ് കയറുക, സാമൂഹിക ഇടപടൽ വർദ്ധിപ്പിക്കുക.



## ഘട്ടം 19: ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് പരിചയപ്പെടുത്തുക വസ്തുക്കൾ കൊണ്ടുള്ള ഉപയോഗം പഠിപ്പിക്കുക

- എല്ലാ വസ്തുക്കളുടേയും ഉപയോഗം മനസ്സിലാക്കാൻ സഹായിക്കാം.
  **ഉദാ: മുടി ചീകാൻ - ചീപ്പ്**
  **ചായ കുടിക്കാൻ - കപ്പ്**
  **കഴിക്കാൻ - സ്പൂൺ**









## അനുബന്ധ പരിശീലനങ്ങൾ

### മുഖത്തിന്റെയും വായയുടേയും വ്യായാമങ്ങൾ (Oro-motor Exercise)

- കുട്ടിയുടെ വായിൽ നിന്ന് അമിതമായി ഉമിനീർ വരുന്നുങ്കെിൽ അത് കുറയ്ക്കുന്നതിനായി കുട്ടിയോട് ചുണ്ട് കൂട്ടി വക്കാൻ നിർദ്ദേശിക്കണം. അത് കഴിയാത്ത പക്ഷം വിരലുകൾ ഉപയോഗിച്ച് ചുണ്ടുകൾ കൂട്ടി വെപ്പിക്കുക.
- രണ്ട് കൈകൾ ഉപയോഗിച്ച് ഒരേ സമയം ഒരേ ദിശയിലോട്ട് കവിളിൽ മസാജ് ചെയ്യാം.
- കോലുമിഠായി, സ്പൂൺ, ഐസ്ക്രീം സ്റ്റിക് ചുിനടിയിൽ അമർത്തിപിടിക്കാനായി ആവശ്യപ്പെടുക.
- നാവിനെ ചലന സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർക്ക് ചലനം വർദ്ധിപ്പിക്കാനായി നാവിന്റെ വ്യായാമങ്ങൾ ചെയ്യാം.
- നാവ് ഉള്ളിലോട്ടും പുറത്തേക്കും നീട്ടി കുറച്ച് സമയം പിടിക്കാൻ നിർദ്ദേശിക്കുക.
- നാവ് കൊണ്ട് ചുണ്ടിന്റെ ഇരുവശങ്ങളിലോട്ടും ചലിപ്പിക്കാനായി നിർദ്ദേശിക്കാം.
- നാവിനെ വായയുടെ ഉള്ളിൽ തന്നെ മുകളിലോട്ടും താഴേക്കും ചലിപ്പിക്കാനായി പരിശീലനം നൽകാവുന്നതാണ്.
- ഊതുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി പേപ്പർ ബോൾ, കോട്ടൻ ബോൾ മുതലായവ ആദ്യം വെച്ച് ഊതിപ്പിക്കുക. പിന്നീട് അതിന്റെ ദൂരവും ഭാരവും കൂട്ടുക.
- മെഴുകുതിരി ഊതി കെടുത്താൻ കുട്ടിയോട് ആവശ്യപ്പെടുക പിന്നീട് അതിന്റെ ദൂരം കൂട്ടുക. ഇതിനായി സോപ്പ് കലക്കിയ വെള്ളവും ഉപയോഗിക്കാം. അതുപോലെ തന്നെ നേരിയ പ്ലാസ്റ്റിക് കവർ ഊതി പൊട്ടിക്കുന്ന കളികൾ ഉൾകൊള്ളിക്കുക.
- ബലൂൺ ഊതി വീർപ്പിക്കാൻ ആവശ്യപ്പെടാം
- വലിച്ച് കുടിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി ഗ്ലാസ്/കവർ എന്നിവയിൽനിന്ന് സ്ട്രോ ഉപയോഗിച്ച് കുട്ടിക്ക് ഇഷ്ടമുള്ള പാനീയങ്ങൾ വലിച്ച് കുടിക്കാൻ ആവശ്യപ്പെടാം.
- ചവയ്ക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി നേരിയ കരിമ്പോ, ഓറഞ്ചിന്റെ അല്ലികൾ നേരിയ കോട്ടൻ തുണികൾ പൊതിഞ്ഞോ, പല്ലിന്റെ ഇടയിൽ വെച്ച് ചവക്കാനായി ആവശ്യപ്പെടുക.
- വ്യായമങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കൾ കുട്ടിയുടെ ഇഷ്ടത്തിനനുസരുച്ച് തിരഞ്ഞെടുക്കാവുന്നതാണ്.
- തുടക്കത്തിൽ കുട്ടികൾക്ക് വ്യായമങ്ങൾ സ്വയം ചെയ്യാൻ കഴിയാത്തപക്ഷം മാതാപിതാക്കളുടെ സഹായത്തോടെ ചെയ്ത് പരിശീലിപ്പിക്കുക.

### ബദൽ ആശയവിനിമയ മാർഗ്ഗങ്ങൾ (AAC -Augmentative & Alternate Communication)

- സംസാരം മുഖേന ആശയവിനിമയം സാധ്യമാക്കാൻ കഴിയാത്ത ഏതൊരു വ്യക്തികൾക്കും സ്പീച്ച് തെറാപ്പിയിൽ ഉപയോഗിക്കുന്ന പരിഹാര മാർഗ്ഗമാണ് ഇത്.

**ഇതിൽ പ്രധാനമായും:-**
മുഖ ചേഷ്ടകൾ
ശരീരഭാഷ
ചിത്രങ്ങൾ
വസ്തുക്കൾ, അടയാളങ്ങൾ
ഇലക്ട്രോണിക് ഉപകരണങ്ങൾ (high-tech, low-tech).

- പ്രധാനമായും സംസാരശേഷി കുറഞ്ഞതോ തീരെ ഇല്ലാത്തതോ ആയ വ്യക്തികളിൽ ആണ് ഇത് ഉപയോഗിക്കുന്നത്.
- ഓരോ വ്യക്തിക്കും അവരവരുടെ ആവശ്യകത അനുസരിച്ച് ഇത് വികസിപ്പിച്ച് എടുക്കാവുന്നതാണ്.
- ഇതിനായി ഒരു സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റിനെ സമീപിക്കാവുന്നതാണ്.
- ആശയ വിനിമയത്തിനായുള്ള പുസ്തകം/ബോർഡ്- (Communication Book (Board) ദൈനംദിന ജീവിതത്തിൽ കുട്ടിക്ക് ആശയവിനിമയങ്ങൾ നടത്തുന്നതിനായി ചിത്രങ്ങൾ ഉൾപ്പെടുത്തിയ പുസ്തകമോ ബോർഡോ ഉപയോഗിക്കാവുന്നതാണ്.
  ഉദാ:- കുടുംബാംഗങ്ങളുടെ ചിത്രങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ, ദൈനം ദിന ആവശ്യങ്ങൾ (ടോയ്ലെറ്റ് ഉപയോഗം, കുളി, പല്ലുതേക്കൽ, വിനോദങ്ങൾ, വികാരങ്ങൾ)
- ഈ ചിത്രത്തിലേയ്ക്ക് നോക്കിയോ ചൂണ്ടികാണിച്ചോ ഈ പുസ്തകം/ബോർഡ് ഉപയോഗിക്കാവുന്നതാണ്.
- കുട്ടിയുടെ പുരോഗതിക്കനുസരിച്ച്, ആശയവിനിമയത്തിന്റെ ആവശ്യകത കൂട്ടുന്നതിനനുസരിച്ച് കൂടുതൽ ചിത്രങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്.

## സംക്ഷിപ്തം

നിങ്ങൾ കുട്ടിയുടെ രക്ഷിതാക്കൾ ആയതിനാൽ അവനെ പരിശീലിപ്പിക്കാൻ ഉത്തമമായ വ്യക്തികളും നിങ്ങൾ തന്നെയാണ്. കാരണം നിങ്ങളാണ് കുട്ടിയുടെ കൂടെ അധികം സമയം ചെലവിടുന്നത്. ഈ ഗൃഹപരിശീലനരേഖ നിങ്ങളുടെ കുട്ടി നേരിട്ടുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളെപ്പറ്റിയും അതിൽ നിന്ന് കുട്ടിയെ എങ്ങനെ സഹായിക്കാം എന്ന ഒരു ഏകദേശരൂപമാണ് നൽകിയത്.

ഇവിടെ സൂചിപ്പിച്ച പ്രവൃത്തികൾ എല്ലാം വഴികാട്ടികൾ മാത്രമാണ്. നമ്മളെപ്പോലെ തന്നെ കുട്ടികൾക്കും അഭിരുചി പലതാണ്. അതിനായി ഓരോ കുട്ടിയുടെയും അഭിരുചിക്കും ഇഷ്ടത്തിനുമനുസരിച്ച് നമ്മൾ ചെയ്യുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കുട്ടികൾക്ക് ഈ പരിശീലനപരിപാടി ആസ്വാദകരമാകുന്നതിന് വേണ്ടി നാം അൽപം അയവോടെയും ക്ഷമയോടും, ക്രിയാത്മകതയോടെയും വേണം ഈ പരിശോധന പരിപാടി ചെയ്യേണ്ടത്.

## പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- കുട്ടികളോട് സാവധാനത്തിൽ, താളത്തോടുകൂടി സംസാരിക്കുക

- ആവർത്തിച്ച് പറയുക
- പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന വാക്കുകൾക്ക് ഊന്നൽ കൊടുത്ത് കൊണ്ട് സംസാരിക്കുക.
- കുട്ടികൾ പഠിച്ച വാക്കുകൾ നിരന്തരം ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കണം.
- കുട്ടികൾക്ക് മൊബൈൽ, ടിവി ഉപയോഗം കുറക്കുക.
- കുട്ടികൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഊഹിച്ച് ചെയ്ത് കൊടുക്കാതെ അവരെ കൊ ണ്ട് ചോദിക്കാൻ അവസരം കൊടുക്കുക.
- കുട്ടികൾ പറയുന്ന വാക്കുകളോടുകൂടി കൂടുതൽ വാക്കുകൾ കൂട്ടിച്ചേർക്കാം.